പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 2417

23.1.2014-ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളിൽ എൻറർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എം.പി.വിൻസെൻറ്<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.സി.പി.മുഹമ്മദ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ എൻറർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) പരിഗണനയിലുണ്ട്. |
| (ബി) ഇതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ; | (ബി) പൊതുമേഖലാസ്ഥാപനങ്ങളുടെ കണക്കുകൾ യഥാസമയം ക്രോഡീകരിച്ച് ഒരു സാമ്പത്തിക വർഷം കഴിഞ്ഞാലുടൻ ആഡിറ്റ് പൂർത്തിയാക്കാൻ വേണ്ടിയുള്ള ഇലക്ട്രോണിക്സ് സംവിധാനം (ERP) സ്ഥാപനങ്ങളുടെ സാമ്പത്തികസ്ഥിതിയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ERP സംവിധാനം വ്യവസായവകുപ്പിൻെറ അധീനതയിലുള്ള മലബാർ സിമൻറ്സിൽ ഇപ്പോൾ നിലവിലുണ്ട്. മറ്റു സ്ഥാപനങ്ങളിൽക്കൂടി ERP സംവിധാനം താരതമ്യേന ചെലവു കുറഞ്ഞതും സുതാര്യവുമായ രീതിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ e-tender മുഖേന ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് നടപ്പിലാക്കുകവഴി സ്ഥാപനങ്ങളിലെ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ച് ഫലപ്രദമായി പ്രവർത്തിക്കുവാനുള്ള സംവിധാനം സാധ്യമാകും. കൂടാതെ ഓരോ കമ്പനികളുടെയും |

മൊത്തത്തിലുള്ള പ്രവർത്തനം സംബന്ധിച്ചുള്ള വിവരങ്ങൾ ഓൺലൈൻ ആയി ലഭ്യമാക്കാനും കഴിയും.

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(സി) റിയാബിന്റെ മേൽനോട്ടത്തിൽ പൊതു ദർഘാസ് വഴിയായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസികളെ തെരഞ്ഞെടുക്കുന്നത്.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചി ട്ടുണ്ട്; വിശദമാക്കാമോ?

(ഡി) ഇതിനായുള്ള കരട് ദർഘാസ് രേഖ വ്യവസായ വകുപ്പും വിവരസാങ്കേതിക വകുപ്പും പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ